ഇടിമിന്നലോട് കൂടിയ മഴക്ക് സാധ്യത

തൃശ്ശൂർ: സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്.

ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. നാളെ നാല് ജില്ലകളിൽ യെല്ലോ അലർട്ടായിരിക്കും. സംസ്ഥാനത്ത് മഴ ലഭിക്കുന്നതോടെ നിലവിലെ ചൂടിന് ആശ്വാസമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇന്നും (15/09/2026) നാളെയും (16/09/2026) ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 62 ലക്കം: 159 2026 സെപ്തംബർ 15 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

'പവർകട്ട് എന്നുവരെ തുടരുമെന്ന് ഇപ്പോൾ പറയാൻ പറ്റില്ല'; വൈദ്യുതി പ്രതിസന്ധിയിൽ പ്രതികരിച്ച് മന്ത്രി

കോഴിക്കോട്: നാഷണൽ തെർമൽ പവർ കോർപ്പറേഷനിൽ (എൻടിപിസി) നിന്ന് 30 രൂപയ്ക്ക് വൈദ്യുതി വാങ്ങുന്നതിൽ അന്തിമ തീരുമാനമായില്ലെന്ന് വൈദ്യുതി മന്ത്രി സണ്ണി ജോസഫ്. ഇത്രയും വില നൽകി വൈദ്യുതി വാങ്ങിയാൽ വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമെന്ന് എല്ലാവർക്കുമറിയാം. ഇതിന് മന്ത്രിസഭയുടെ അനുമതി വേണമെന്നും മന്ത്രി അറിയിച്ചു.

എല്ലാ വഴികളിലൂടെയും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പവർകട്ട് എന്നുവരെ തുടരുമെന്നത് ഇപ്പോൾ പറയാൻ സാധിക്കില്ല. എത്രയും വേഗത്തിൽ പരിഹരിക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

30 രൂപയ്ക്ക് വൈദ്യുതി വാങ്ങേണ്ട അവസ്ഥയാണ് സംസ്ഥാനത്തെന്ന് കഴിഞ്ഞദിവസം സണ്ണി ജോസഫ് പറഞ്ഞിരുന്നു. 'പണത്തെക്കുറിച്ച് ആലോചിച്ച് വിഷമിച്ചിട്ട് കാര്യമില്ല, പവറാണ് വേണ്ടത്. 25 വർഷത്തേക്ക് യൂണിറ്റിന് 4.26 രൂപ മുതൽ 4.29 രൂപ വരെ നിരക്കിൽ 465 മെഗാവാട്ട് വൈദ്യുതി കിട്ടുമായിരുന്ന കരാറാണ് റദ്ദാക്കിയത്. ഇപ്പോൾ 30 രൂപയ്ക്ക് വാങ്ങേണ്ട അവസ്ഥയാണ്. റദ്ദാക്കിയ കരാർ പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. കെഎസ്ഇബി ചെയർമാനെ ഇതുസംബന്ധിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ ചൂട് കൂടിയപ്പോൾ വൈദ്യുതി കടമായിട്ടായിരുന്നു വാങ്ങിയത്. അതിപ്പോൾ തിരിച്ചുകൊടുക്കണം. കരാർ റദ്ദാക്കിയത് തെറ്റായ തീരുമാനമാണെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞില്ലേ? കരാർ റദ്ദാക്കിയതിനെ തുടർന്നാണ് വൈദ്യുതി കടമായി വാങ്ങിയത്. അങ്ങനെ അല്ലായിരുന്നെങ്കിലിപ്പോൾ വൈദ്യുതി കടം വാങ്ങേണ്ട സാഹചര്യമില്ലായിരുന്നു. വൈദ്യുതി വാങ്ങാൻ മനുഷ്യസാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കും'– മന്ത്രി വ്യക്തമാക്കി.

ഇതിനിടെ വൈദ്യുതി വാങ്ങാൻ ടെൻഡർ ക്ഷണിച്ചിരിക്കുകയാണ് കെഎസ്ഇബി. ഒക്ടോബർ – ഡിസംബർ കാലയളവിലേക്കാണ് ടെൻഡർ വിളിച്ചിരിക്കുന്നത്. പീക്ക് സമയത്ത് 600 മെഗാവാട്ടിനും ഓഫ് പീക്ക് സമയത്ത് 900 മെഗാവാട്ടിനുമാണ് ടെൻഡർ ക്ഷണിച്ചിരിക്കുന്നത്.

സൗദിക്ക് നേരെ വീണ്ടും ഹൂതികളുടെ ആക്രമണം: 13 പേർക്ക് പരിക്ക്; 7 വീടുകൾക്കും രണ്ട് വാഹനങ്ങൾക്കും

റിയാദ്: ഖമിസ് മുശൈത്, അബഹ, ത്വാഇഫ് എന്നീ നഗരങ്ങൾക്ക് നേരെ ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും അയച്ച് ഹൂതികൾ നടത്തിയ ആക്രമണത്തിൽ 13 പേർക്ക് നിസ്സാര പരിക്കുകളേൽക്കുകയും 7വീടുകൾക്കും 2വാഹനങ്ങൾക്കും കേടുപാടുകൾ സംഭവിക്കുകയും ചെയ്തു.

സൗദിയിലെ സാധാരണക്കാരെയും ജനവാസ കേന്ദ്രങ്ങളെയും ലക്ഷ്യമിട്ട് ഹൂതി മിലീഷ്യകൾ നടത്തുന്ന ഹീനവും ബോധപൂർവവുമായ ആക്രമണങ്ങൾ തുടരുന്നതായി സഖ്യസേന ഔദ്യോഗിക വക്താവ് ബ്രിഗേഡിയർ ജനറൽ തുർക്കി അൽമാലിക്കി കുറ്റപ്പെടുത്തി. തിങ്കളാഴ്ച ഖമിസ് മുശൈത്, അബഹ, ത്വാഇഫ് എന്നീ നഗരങ്ങളിലെ ജനവാസ കേന്ദ്രങ്ങൾക്ക് നേരെ ഹൂതികൾ നടത്തിയ ആക്രമണത്തിൽ 13 പേർക്ക് നിസ്സാര പരിക്കുകളേൽക്കുകയും 7 വീടുകൾക്കും 2 വാഹനങ്ങൾക്കും കേടുപാടുകൾ സംഭവിക്കുകയും ചെയ്തു–അദ്ദേഹം അറിയിച്ചു.

ബോധപൂർവമായതും ആവർത്തിക്കപ്പെടുന്നതുമായ ആക്രമണങ്ങൾ തുടരുന്നത് ഹൂതി മിലീഷ്യകളുടെ അക്രമണോത്സുകമായ സമീപനത്തെയും സാധാരണക്കാരെയും ജനവാസ കേന്ദ്രങ്ങളെയും ലക്ഷ്യമിട്ടുള്ള അവരുടെ തീവ്രവാദ ആശയഗതിയെയുമാണ് തെളിയിക്കുന്നതെന്ന് അൽമാലിക്കി പറഞ്ഞു.

യു.എൻ ചാർട്ടർ 51–ാം അനുച്ഛേദത്തിനും, സ്വയം പ്രതിരോധത്തിനുള്ള അവകാശത്തിനും അന്താരാഷ്ട്ര മാനുഷിക നിയമങ്ങൾക്കും അനുസൃതമായി സൗദി അറേബ്യയുടെ പരമാധികാരവും സാധാരണക്കാരെയും ജനവാസ കേന്ദ്രങ്ങളെയും ഇത്തരം ഹീനമായ ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനായി സഖ്യസേനയുടെ സംയുക്ത സേനാ കമാൻഡ് ഉത്തരവാദിത്തത്തോടെയും ദൃഢതയോടെയും ഈ ആക്രമണങ്ങളെ നേരിടുമെന്ന് അൽമാലിക്കി പറഞ്ഞു.

റഫ്രിജറേറ്റർ പൊട്ടിത്തെറിച്ച് ഒരു കുടുംബത്തിലെ 4 പേർക്ക് ദാരുണാന്ത്യം, രണ്ടുപേർക്ക് ഗുരുതര പരിക്ക്

ബെലഗാവി: വീടിനുള്ളിൽ റഫറിജറേറ്റർ പൊട്ടിത്തെറിച്ച് ഒരു കുടുംബത്തിലെ നാലുപേർക്ക് ദാരുണാന്ത്യം. രണ്ടുപേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. തിങ്കളാഴ്ച രാത്രിയിൽ കർണാടകയിലെ ബെലഗാവിയിലുള്ള ചാവട്ട് ഗല്ലിയിലാണ് സംഭവം നടന്നത്.

റഫറിജറേറ്റർ പൊട്ടിത്തെറിച്ച് തീപ്പിടിത്തമുണ്ടാകുകയും തീ അതിവേഗം വീടിനുള്ളിൽ കത്തിപ്പടരുകയും ചെയ്തതായാണ് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായതെന്ന് പോലീസ് അറിയിച്ചു.

വീടിനുള്ളിലുണ്ടായിരുന്നവർക്ക് പുറത്തുകടക്കാനാകാതെ കുടുങ്ങിപ്പോയതിനെത്തുടർന്നാണ് കുടുംബത്തിലെ നാല് പേർക്ക് ജീവൻ നഷ്ടമായത്.

ഗജാനൻ ധാമോനെ (65), റോഷൻ ധാമോനെ (21), ശാരദ ധാമോനെ (45), ഭാരതി ധാമോനെ (50) എന്നിവരാണ് മരിച്ചത്. പിയ ധാമോനെ (28), ഗംഗ ധാമോനെ (25) എന്നിവരെ ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വിവരം ലഭിച്ചതിനെത്തുടർന്ന് പോലീസും അഗ്നിശമന സേനയും സ്ഥലത്തെത്തി രക്ഷാപ്രവർത്തനം ആരംഭിച്ചു. റഫറിജറേറ്റർ പൊട്ടിത്തെറിക്കാനിടയായ കാരണം തേടി അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ട്രംപിന്റെ തപാൽ ബാലറ്റ് നിയന്ത്രണങ്ങൾ തള്ളി സുപ്രീം കോടതി

ന്യൂയോർക്ക്: 2026 ഇടക്കാല തിരഞ്ഞെടുപ്പിന് മുന്നോടിയായി തപാൽ വോട്ടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്താനുള്ള യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നീക്കം തടഞ്ഞ് അമേരിക്കൻ സുപ്രീം കോടതി. വോട്ടെടുപ്പ് ആരംഭിച്ച സാഹചര്യത്തിൽ ഇത്തരമൊരു മാറ്റം കൊണ്ടുവരുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടിയാണ് കോടതി ഉത്തരവ് പുറപ്പെടുവിച്ചത്.

ട്രംപിന്റെ അവസാനനിമിഷത്തെ നിയമപോരാട്ടങ്ങൾക്ക് വിരാമമിട്ടുകൊണ്ട് തപാൽ ബാലറ്റ് നിയന്ത്രണങ്ങൾ സുപ്രീം കോടതി താൽക്കാലികമായി തള്ളി. ഈ ഉത്തരവിലൂടെ, വർഷങ്ങളായി പിന്തുടരുന്ന അതേ രീതിയിൽത്തന്നെ തപാൽ ബാലറ്റുകൾ അയക്കുന്നത് തുടരാൻ സംസ്ഥാനങ്ങൾക്ക് അനുമതി ലഭിക്കും.

അർഹരായ വോട്ടർമാരുടെ പട്ടിക മുൻകൂട്ടി സമർപ്പിക്കണമെന്നും തപാൽ സംവിധാനത്തിൽ മാറ്റം വരുത്തണമെന്നുമായിരുന്നു ഭരണകൂടത്തിന്റെ ആവശ്യം. യുഎസ്. കോൺഗ്രസിന്റെ നിയന്ത്രണം ആര് നേടുമെന്ന് നിശ്ചയിക്കുന്ന നിർണായകമായ നവംബർ തിരഞ്ഞെടുപ്പിന് മുൻപായി നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ വഴിയൊരുക്കണമെന്നായിരുന്നു ട്രംപ് ഭരണകൂടം കോടതിയോട് ആവശ്യപ്പെട്ടത്.

രാജ്യത്തെ മൂന്നിലൊന്ന് വോട്ടർമാരും തപാൽ വഴിയാണ് വോട്ട് ചെയ്യുന്നത് എന്നതിനാലാണ് ഈ കേസിന് വലിയ പ്രാധാന്യമുണ്ടായത്. എന്നാൽ, ഈ നിയന്ത്രണങ്ങൾ വോട്ടവകാശത്തെ തടസപ്പെടുത്തുമെന്ന് സിവിൽ സർവീസ് സംഘടനകളും വിവിധ സംസ്ഥാനങ്ങളും വാദിച്ചു. നിലവിലുള്ള വോട്ടിങ് രീതികൾ തുടരാൻ അനുവദിക്കുന്ന ഈ വിധി വോട്ടർമാർക്കും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും വലിയ ആശ്വാസമാണ് നൽകുന്നത്.

ഈ തീരുമാനത്തിലൂടെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഇടപെടാനുള്ള പ്രസിഡന്റിന്റെ ശ്രമങ്ങൾ പരാജയപ്പെട്ടതായാണ് നിയമവിദഗ്ധർ വിലയിരുത്തുന്നത്. 'ഡിസ്ട്രിക്റ്റ് കോടതിയുടെ പ്രാഥമിക സ്റ്റേ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് സർക്കാർ ഉന്നയിച്ച വാദങ്ങളിൽ വിജയം നേടാൻ സാധ്യതയില്ല. മാത്രമല്ല, ഈ കോടതിയിൽനിന്ന് അടിയന്തിര ആശ്വാസം നേടുന്നതിനുള്ള സമത്വ ഘടകങ്ങൾ സ്റ്റേ അനുവദിക്കുന്നതിന് അനുകൂലവുമല്ല.' എന്നാണ് ഒറ്റവണ്ടിക ഉത്തരവിൽ കോടതി പറയുന്നത്.

സർക്കാരിന് വിജയസാധ്യത ഉണ്ടെന്ന് വിശ്വസിക്കുന്നെങ്കിലും, തിരഞ്ഞെടുപ്പ് ദിവസത്തിന് തൊട്ടുമുമ്പ് ഇത് നടപ്പാക്കുന്നത് 'തന്നിഷ്ടപരവും അനിയന്ത്രിതവുമാണ്' എന്നാണ് (arbitrary and capricious) അനുബന്ധ അഭിപ്രായം (concurrence) രേഖപ്പെടുത്തിയ ജസ്റ്റിസ് ബ്രെറ്റ് കാവനോ വിധിന്യായത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ജസ്റ്റിസ് സാമുവൽ അലിറ്റോയും അദ്ദേഹത്തോടൊപ്പം ജസ്റ്റിസ് ക്ലാരൻസ് തോമസും ഉത്തരവിനോട് വിയോജിപ്പ് (dissent) പ്രകടിപ്പിച്ചിട്ടുണ്ട്.

തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഇത്തരമൊരു വിധി ഉണ്ടാകേണ്ട സാഹചര്യം സൃഷ്ടിച്ചത് കേസ് നൽകിയ സംസ്ഥാനങ്ങളാണെന്ന് ഭിന്നവിധിയിൽ അലിറ്റോ കുറ്റപ്പെടുത്തി; തങ്ങൾ തന്നെ ഉണ്ടാക്കിയ ദീർഘകാല നിയമനടപടിയുടെ ആനുകൂല്യം ആ സംസ്ഥാനങ്ങൾക്ക് ലഭിക്കരുതെന്നും അദ്ദേഹം കുറിച്ചു. സുപ്രീം കോടതി വിധിയെ സ്വാഗതം ചെയ്യുന്നുവെന്നാണ് മനുഷ്യാവകാശ സംഘടനകളും ജനപ്രതിനിധികളും പ്രതികരിച്ചത്.

'ഭരണകൂടം ഇവിടെ ചെയ്യാൻ ശ്രമിച്ചത് ആശങ്കാജനകമായ ഒരു കാര്യമാണ്. നമ്മുടെ രാജ്യത്തെ തപാൽ വോട്ടിങ് രീതിയെ അട്ടിമറിക്കാൻ ഭരണകൂടം അവസാന നിമിഷത്തിൽ നടത്തിയ ശ്രമമായിരുന്നു ഇത്'. എൻ.എ.എ.സി.പി ജനറൽ കൗൺസിലും ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ സിവിൽ റൈറ്റ്സ് ഡിവിഷൻ മുൻ മേധാവിയുമായ ക്രിസ്റ്റൻ ക്ലാർക്ക് പറഞ്ഞു.

'അമേരിക്കൻ ജനതയുടെ വോട്ടവകാശം സംരക്ഷിച്ചുകൊണ്ട് സുപ്രീം കോടതി ശരിയായ തീരുമാനമാണ് എടുത്തിരിക്കുന്നത്. ഡൊണാൾഡ് ട്രംപ് നമ്മുടെ തിരഞ്ഞെടുപ്പിൽ നിയമവിരുദ്ധമായി ഇടപെടാനും ദശലക്ഷക്കണക്കിന് അമേരിക്കക്കാരുടെ തപാൽ വോട്ടിങ്ങിനെ തകർക്കാനും ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു.' എന്നാണ് കാലിഫോർണിയയിൽ നിന്നുള്ള ഡെമോക്രാറ്റിക് പ്രതിനിധി റോബർട്ട് ഗാർഷ്യ അഭിപ്രായപ്പെട്ടത്.

ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി (DHS), മറ്റ് ഫെഡറൽ രേഖകൾ എന്നിവയുമായി ഒത്തുനോക്കുമ്പോൾ അയോഗ്യരെന്നു കരുതുന്ന രജിസ്റ്റർ ചെയ്ത വോട്ടർമാർക്ക് തപാൽ വോട്ടിങ്ങിനുള്ള ബാലറ്റുകൾ വിതരണം ചെയ്യുന്നതിൽനിന്ന് തപാൽ ഓഫീസുകളെ തടയുന്നതിനായി മാർച്ച് 31-ന് ട്രംപ് പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവിൽ നിന്നാണ് ഈ കേസിന്റെ തുടക്കം.

നിർദ്ദിഷ്ട നിയമം തടയണമെന്ന് ആവശ്യപ്പെട്ട് വോട്ടവകാശ സംഘടനകളും 23 സംസ്ഥാനങ്ങളും ഡിസ്ട്രിക്റ്റ് ഓഫ് കൊളംബിയയും ചേർന്ന് ഭരണകൂടത്തിനെതിരെ കേസ് നൽകി. തിരഞ്ഞെടുപ്പ് നടത്തിപ്പിൽ ഉത്തരവുകൾ പുറപ്പെടുവിക്കാൻ പ്രസിഡന്റിന് യുഎസ് ഭരണഘടന ഒരധികാരവും നൽകുന്നില്ല എന്നായിരുന്നു അവരുടെ വാദം. ഇടക്കാല തിരഞ്ഞെടുപ്പിന് ഏതാനും ആഴ്ചകൾ മാത്രം ബാക്കി നിൽക്കെ ഇത്തരമൊരു സമ്പൂർണ്ണ മാറ്റം വരുത്താൻ ഒരു വഴിയുമില്ലെന്ന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ വ്യക്തമാക്കിയിരുന്നു.

പുതിയ സിസ്റ്റം നിലവിൽ വരാതിരുന്നിട്ടും അലബാമ, നോർത്ത് കരോലിന, വിസ്കോൺസിൻ എന്നീ സംസ്ഥാനങ്ങൾ കഴിഞ്ഞ ആഴ്ച തന്നെ വോട്ടർമാർക്ക് തപാൽ ബാലറ്റുകൾ അയച്ചു തുടങ്ങിയിരുന്നു. ട്രംപ് ഭരണകൂടത്തിന്റെ പദ്ധതി പ്രകാരം സംസ്ഥാനങ്ങൾ ഏകീകൃത കവർ ശൈലി സ്വീകരിക്കുകയും അർഹരായ വോട്ടർമാരുടെ പട്ടിക ഓൺലൈൻ പോർട്ടലിൽ സമർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

ഇത് പാലിക്കാത്ത സംസ്ഥാനങ്ങളിലേക്ക് ബാലറ്റുകൾ എത്തിക്കാൻ വിസമ്മതിക്കാൻ തപാൽ സർവീസിന് അധികാരമുണ്ടായിരുന്നു. എന്നാൽ, പോർട്ടൽ ശരിയായി നിർമിക്കാത്തതിനാലും ഒരു ബാർകോഡ് പിശക് കാരണം ബാലറ്റുകളുടെ ബാച്ചുകൾതന്നെ ഉപേക്ഷിക്കപ്പെടാൻ സാധ്യതയുള്ളതിനാലും, തപാൽ സംവിധാനത്തിന്റെ ഈ ആവശ്യകതകൾ ദശലക്ഷക്കണക്കിന് തപാൽ ബാലറ്റുകൾ അയക്കപ്പെടാതെ പോകുന്നതിലേക്ക് നയിച്ചേക്കാമെന്ന് വിവിധ റിപ്പോർട്ടുകൾ വ്യക്തമാക്കി.

ഡെമോക്രാറ്റിക് സംസ്ഥാന ഉദ്യോഗസ്ഥരും വോട്ടവകാശ സംഘടനകളും കോടതിയിൽ ഈ നിയന്ത്രണങ്ങളെ ചോദ്യം ചെയ്തു; 'ഒരു പ്രധാന തിരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പ് തപാൽ വോട്ടിങ്ങിനെ പൂർണമായും ഇല്ലാതാക്കുന്ന' തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ഉണ്ടാക്കാൻ പ്രസിഡന്റിന് ഭരണഘടനാപരമായ അധികാരമില്ലെന്ന് അവർ വാദിച്ചു. കീഴ്ക്കോടതികൾ ഇതിനോട് യോജിച്ചു.

എന്നാൽ യുഎസ് ഡിസ്ട്രിക്റ്റ് ജഡ്ജ് ഇന്ദിര തൽവാനി പുറപ്പെടുവിച്ച പ്രാഥമിക സ്റ്റേ ഉത്തരവ് ജൂലൈയിൽ നടപടിക്രമങ്ങളുടെ പേരിൽ റദ്ദാക്കപ്പെട്ടെങ്കിലും, ബാലറ്റ് വിതരണത്തിൽ യു.എസ്.പി.എസ് അന്തിമ ചട്ടം പ്രസിദ്ധീകരിച്ചതോടെ പുനഃസ്ഥാപിക്കപ്പെട്ടു. തിങ്കളാഴ്ചത്തെ വിധി ഈ സ്റ്റേ ഉത്തരവിനെ ശരിവെക്കുകയാണ് ചെയ്തത്.

തപാൽ സർവീസിന്റെ ഫെഡറൽ നിയന്ത്രണം തപാൽ ബാലറ്റ് കൈകാര്യം ചെയ്യുന്നതിനുള്ള ചട്ടങ്ങൾ സജ്ജമാക്കാൻ തങ്ങളെ അനുവദിക്കുന്നുവെന്നും ഇത് പാലിക്കാൻ സാധിക്കുമെന്നും വാദിച്ചാണ് ട്രംപ് ഭരണകൂടം സുപ്രീം കോടതിയെ സമീപിച്ചത്. സുപ്രീം കോടതിയിൽ ഫെഡറൽ സർക്കാരിന് തുടക്കത്തിൽ അനുകൂലമായ ഒരു നടപടിക്രമ തീരുമാനം ലഭിച്ചെങ്കിലും ജഡ്ജിമാർ പദ്ധതിയുടെ നിയമസാധുതയെക്കുറിച്ച് തീരുമാനം എടുത്തില്ല.

അതേസമയം, സ്വന്തമായി വോട്ട് ചെയ്യാൻ ഈ രീതി പലപ്പോഴും ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ട്രംപ് കുറേക്കാലമായി തപാൽ വോട്ടിങ്ങിനെ എതിർക്കുകയും 2020-ൽ ജോ ബൈഡനോട് തോറ്റതിന് വ്യാജമായി ഇതിനെ പഴിചാരുകയും ചെയ്തിട്ടുണ്ട്.

'കോടതിയുടെ വിധി പ്രാദേശിക തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും വോട്ടർമാർക്കും, പ്രത്യേകിച്ച് അടുത്ത അഞ്ച് ദിവസത്തിനുള്ളിൽ 50 സംസ്ഥാനങ്ങളും നിയമപരമായി ബാലറ്റുകൾ അയയ്ക്കേണ്ട വിദേശത്തുള്ള ആയിരക്കണക്കിന് സൈനികർക്കും വലിയൊരു ആശ്വാസമാണ്' എന്ന് വോട്ടിങ് റൈറ്റ്സ് ലാബിന്റെ സഹസ്ഥാപകയും സിഇഒയുമായ സമാന്ത തരാസി പറഞ്ഞു.

'എന്നാൽ ഇത് ഇവിടെ തീരുന്നില്ല. ഈ ഭരണകൂടം നമ്മുടെ തിരഞ്ഞെടുപ്പുകളിൽ കൃത്രിമം കാണിക്കാനും തങ്ങൾക്ക് ഇഷ്ടപ്പെടാത്ത ഫലങ്ങളിൽ സംശയം വിതയ്ക്കാനും എല്ലാ വഴികളും പരീക്ഷിച്ചുകൊണ്ടിരിക്കും. പ്രസിഡന്റ് ട്രംപിന്റെ തീവ്രമായ തിരഞ്ഞെടുപ്പ് അജണ്ട കോടതികളിലും അമേരിക്കൻ ജനങ്ങൾക്കിടയിലും പരാജയപ്പെടുന്നതിന്റെ മറ്റൊരു ഉദാഹരണമാണ് ഇന്നത്തെ വിധി. ലളിതമായി പറഞ്ഞാൽ; നമ്മുടെ തിരഞ്ഞെടുപ്പുകൾ നടത്തുന്നത് സംസ്ഥാനങ്ങളാണ് – പ്രസിഡന്റല്ല.' അവർ കൂട്ടിച്ചേർത്തു.

ഏക സിവിൽകോഡ് ബിഹാറിൽ നടപ്പാക്കില്ലെന്ന് ജെ.ഡി.യു; അമിത് ഷായുടെ പ്രഖ്യാപനത്തിന് പിന്നാലെ ഭിന്ന നിലപാട്

ന്യൂഡൽഹി: 2029ലെ ലോകസഭാ തെരഞ്ഞെടുപ്പിന് മുമ്പ് എൻ.ഡി.എ ഭരിക്കുന്ന 21 സംസ്ഥാനങ്ങളിലും ഏകീകൃത സിവിൽ കോഡ് (യു.സി.സി) നടപ്പാക്കുമെന്ന കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ പ്രഖ്യാപനത്തിന് പിന്നാലെ ഭിന്ന നിലപാടുമായി ജെ.ഡി.യു. ദേശീയ തലത്തിൽ യു.സി.സി ബില്ലിനെ പിന്തുണക്കുന്നുണ്ടെങ്കിലും ബിഹാറിൽ ഇത് നടപ്പാക്കാൻ അനുവദിക്കില്ലെന്ന് ജെ.ഡി.യു നേതാവും മുൻ സംസ്ഥാന മന്ത്രിയുമായ ശ്യാം രജക് വ്യക്തമാക്കി.

പാർലമെന്റിൽ ബിൽ അവതരിപ്പിച്ചപ്പോൾ തന്നെ മുൻ മുഖ്യമന്ത്രി നിതീഷ് കുമാർ പാർട്ടിയുടെ നിലപാട് വ്യക്തമാക്കിയിരുന്നുവെന്നും രജക് പറഞ്ഞു. ദേശീയ തലത്തിൽ ബില്ലിനെ പിന്തുണക്കുന്നുവെങ്കിലും ബിഹാറിൽ ഇത് നടപ്പാക്കുന്നതിനെ പാർട്ടി അനുകൂലിക്കുന്നില്ലെന്നാണ് നിതീഷ് കുമാർ വ്യക്തമാക്കിയതെന്നും അദ്ദേഹം പറഞ്ഞു.

യു.സി.സി സംബന്ധിച്ച നിലപാട് ബി.ജെ.പി ദേശീയ നേതൃത്വവുമായി ചർച്ച ചെയ്യുമെന്ന് ജെ.ഡി.യു ദേശീയ വർക്കിങ് പ്രസിഡന്റ് സഞ്ജയ് ഝാ വ്യക്തമാക്കി. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി വിഷയം ചർച്ച ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.

അതേസമയം, ബിഹാറിലെ മറ്റൊരു എൻ.ഡി.എ സഖ്യകക്ഷിയായ ലോക് ജനശക്തി പാർട്ടി (രാം വിലാസ്) യു.സി.സിയുടെ കരട് ബില്ലോ രൂപരേഖയോ ലഭിച്ചശേഷം അതിന്റെ നിയമപരമായ വശങ്ങളും സാധ്യതയുള്ള പ്രത്യാഘാതങ്ങളും പരിശോധിക്കുമെന്ന നിലപാടിലാണ്.

അമിത് ഷായുടെ പ്രഖ്യാപനത്തെ ടി.ഡി.പി, ശിവസേന, ഹിന്ദുസ്ഥാനി അവാം മോർച്ച (സെക്യുലർ) തുടങ്ങിയ സഖ്യകക്ഷികൾ പിന്തുണച്ചിട്ടുണ്ട്. യു. സി. സി നടപ്പാക്കുന്നതിന് മുമ്പ് വിവിധ വിഭാഗങ്ങളുമായി ചർച്ച നടത്തണമെന്നും ടി.ഡി.പി വ്യക്തമാക്കി. അതേസമയം, യു. സി.സി സംബന്ധിച്ച് മതിയായ കൂടിയാലോചനയില്ലാതെ നിയമനിർമാണം നടത്തുന്നതിനെ ജെ.ഡി.യുവും ടി.ഡി.പിയും നേരത്തെ എതിർത്തിരുന്നു. ടി.ഡി.പി ഇപ്പോൾ നിലപാടിൽ മാറ്റം വരുത്തിയതായാണ് റിപ്പോർട്ട്.

പാർലമെന്റിൽ യു.സി.സി ബില്ലിനെ പിന്തുണച്ചിട്ടും ബിഹാറിൽ നടപ്പാക്കുന്നതിനെ എതിർക്കുന്ന ജെ.ഡി.യുവിന്റെ നിലപാട് എൻ.ഡി.എയിലെ സഖ്യകക്ഷികൾക്കിടയിലെ വ്യത്യസ്ത സമീപനം വ്യക്തമാക്കുന്നതാണ്.

മുഹമ്മദ് റിയാസിന്റെ സുഹൃത്തിന്റെ ലോക്കറിലും ഇഡി പരിശോധന; 50 പവൻ സ്വർണം കണ്ടെത്തി

കോഴിക്കോട്: മുൻമന്ത്രി മുഹമ്മദ് റിയാസിന്റെ സുഹൃത്തും ഐടി വ്യവസായിയുമായ ഷെബീഷിന്റെ ബാങ്ക് ലോക്കറിൽ പരിശോധന നടത്തി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി). കോഴിക്കോട്ടെ ബാങ്കിന്റെ ലോക്കറിലാണ് പരിശോധന നടത്തിയത്. അന്വേഷണത്തിന്റെ ഭാഗമായി നേരത്തെ മരവിപ്പിച്ച ലോക്കറിലാണ് പരിശോധന നടത്തിയത്. ലോക്കറിൽ 50 പവൻ സ്വർണം കണ്ടെത്തിയിട്ടുണ്ട്.

മാസപ്പടി കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ മകൾ വീണയിൽ നിന്ന് പിടിച്ചെടുത്ത രേഖകളിൽ കള്ളപ്പണം വെളുപ്പിച്ചതിന്റെ തെളിവുണ്ടെന്ന് ഇഡി അറിയിച്ചിരുന്നു.

ഹവാല ഇടപാടിൽ വീണയുടെ ഭർത്താവ് മുഹമ്മദ് റിയാസിന് മുഖ്യ പങ്കുണ്ടെന്നും ഡിജിപിക്ക് നൽകിയ കത്തിൽ ഇഡി വ്യക്തമാക്കി. ഇതിന്റെ അടിസ്ഥാനത്തിലാണ് റിയാസിന്റെ സുഹൃത്തുക്കളുടെ ബാങ്ക് ലോക്കറിലും പരിശോധന നടത്തുന്നത്. നേരത്തെ റിയാസിന്റെ അടുപ്പക്കാരനായ വാരിസ് നൽകിയതായി പറയപ്പെടുന്ന മൊഴിയുടെ വിവരങ്ങളും പുറത്തുവന്നിരുന്നു. 1.2 കോടി രൂപ ദുബായിലുള്ള ഫൈജാസ് വി പിക്ക് അയച്ചുകൊടുത്തതായുള്ള വാരിസിന്റെ മൊഴിയാണ് പുറത്തുവന്നത്.

എന്നാൽ ഇഡി ബോധപൂർവം വ്യക്തിപരമായി മോശമാക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് മുഹമ്മദ് റിയാസ് പ്രതികരിച്ചു. മാദ്ധ്യമങ്ങളോട് സംസാരിക്കവേയായിരുന്നു പ്രതികരണം. പ്രധാനപ്പെട്ട തെളിവുകളെന്നാണ് ഇഡി പറയുന്നത്. അതിങ്ങനെ പുറത്തുവിടുമോ? ഇന്നത്തെ ദിവസം തന്നെ എന്തിനിത് തിരഞ്ഞെടുത്തു? ഇന്ന് സിപിഎമ്മിന്റെ വിപുലീകൃത സംസ്ഥാന കമ്മിറ്റി വളരെ വിജയകരമായി പൂർത്തീകരിച്ച് ലക്ഷങ്ങൾ പങ്കെടുക്കുന്ന റാലി നടക്കുകയാണ്.

നേരത്തെയും ഹവാലയിൽ എന്നെ ബന്ധിപ്പിക്കാനുള്ള ശ്രമം നടന്നുവെങ്കിലും അത് പൊളിഞ്ഞു. ഇപ്പോൾ പുതിയ കഥ രംഗത്തിറക്കിയിരിക്കുകയാണ്. നിയോജകമണ്ഡലത്തിലെ വികസനപ്രവർത്തനങ്ങൾക്കായാണ് ഞങ്ങൾ ബേപ്പൂർ എന്ന പേരിൽ വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ചത്. ഈ ഗ്രൂപ്പ് ഹവാല ഇടപാടിനുള്ളതെന്നാണ് ഇഡി ചോർത്തിക്കൊടുത്ത വാർത്തകളിൽ വന്നതെന്നും അദ്ദേഹം പറഞ്ഞു.

വിനായക ചതുർത്ഥിക്ക് വെറൈറ്റി ഓഫറുമായി കടയുടമ; പിന്നാലെ അറസ്റ്റ്

ഗണപതിക്ക് അറബിക് സ്റ്റൈൽ ബിരിയാണി

ചെന്നൈ: വിനായക ചതുർത്ഥിയോട് അനുബന്ധിച്ച് ഓഫറിന്റെ ഭാഗമായി കടയ്ക്ക് മുന്നിൽ ബിരിയാണി കഴിക്കുന്ന ഗണപതിയുടെ ചിത്രം സ്ഥാപിച്ച കടയുടമ അറസ്റ്റിൽ. തിരുനെൽവേലിയിലാണ് സംഭവം. മതവികാരം വ്രണപ്പെടുത്തിയെന്ന പരാതിയിലാണ് കടയുടമ ജയന്തിനെ (30) പൊലീസ് അറസ്റ്റ് ചെയ്തത്.

ഗണപതിയുടെ ചിത്രം മോശമായ രീതിയിൽ ചിത്രീകരിച്ചെന്ന് ചൂണ്ടിക്കാട്ടി ശെൽവരാജ് എന്നയാളാണ് ഇയാൾക്കെതിരെ പരാതി നൽകിയത്. വിനായക ചതുർത്ഥി ആഘോഷങ്ങൾ നടക്കുന്നതിനിടെയാണ് സംഭവം. പരാതിയുടെ അടിസ്ഥാനത്തിൽ പൊലീസ് അന്വേഷണം ആരംഭിക്കുകയും ജയന്തിനെ അറസ്റ്റ് ചെയ്യുകയുമായിരുന്നു. ജയന്തിന്റെ ഉടമസ്ഥതയിലുള്ള ബിരിയാണിക്കടയ്ക്ക് മുന്നിലാണ് ഗണപതി ചിക്കൻ ബിരിയാണി കഴിക്കുന്ന തരത്തിലുള്ള ബാനർ സ്ഥാപിച്ചിരുന്നത്.

വിനായക ചതുർത്ഥി പ്രമാണിച്ച് 'അറബിക് സ്റ്റൈൽ 65 ബിരിയാണി 99 രൂപയ്ക്ക്' എന്നതായിരുന്നു ബാനറിലെ വാചകം. ഓഫർ ഞായറും തിങ്കളും മാത്രമേ ഉണ്ടാകുകയുള്ളൂവെന്നതും ബാനറിൽ ചേർത്തിരുന്നു. സമൂഹമാദ്ധ്യമങ്ങളിലൂടെ ബാനറിന്റെ ചിത്രം പ്രചരിച്ചതിന് പിന്നാലെ പൊലീസിലും പരാതിയെത്തി. തുടർന്ന് അന്വേഷണ വിധേയമായി ജയന്തിനെ പൊലീസ് കസ്റ്റഡിയിലെടുത്ത് അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

തമിഴ്നാട്ടിലുടനീളം വിനായകചതുർത്ഥി ആഘോഷങ്ങൾ വിപുലമായാണ് നടന്നത്. ചെന്നൈയിൽ മാത്രം പൊതുവിടങ്ങളിൽ 5,501 ഗണപതി വിഗ്രഹങ്ങളാണ് സ്ഥാപിച്ചിരിക്കുന്നത്. ഈ മാസം 19, 20 തീയതികളിലാണ് ഗണപതി വിഗ്രഹങ്ങളുടെ നിമജ്ജന ഘോഷയാത്ര നടക്കുന്നത്.

കോടതി പരസ്യം

ബഹു. തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ

C.C 1102/2025

1. Rema, Aged 62 Years, W/o Ashokan, Manaparambil House, Kottanellur, Near Ayyappankavu Temple, Thumboor, Thrissur, Kerala-680662
2. Soumia Ashok. Aged 41 Years, D/o Ashokan, Manaparambil House, Thumboor, Kottanellur, Vellangallur, Thrissur, Kerala-680734
3. Sagar Ashok, Aged 33 Years, S/o Ashokan, Manaparambil House, Kottanellur, Near Ayyappankavu Temple, Thumboor, Thrissur, Kerala-680662

–ഹർജിക്കാർ

Southern Green Farming and Marketing Multi State Co-operative Society Ltd., CCMA Shopping Complex, Anamala Junction, Chalakkudy-680307 Rep by Chairman Southern Green Farming and Marketing Multi State Co-operative Society Ltd.

–എതൃകക്ഷികൾ

മേൽ നമ്പിലെ എതൃകക്ഷികളിൽ നിന്നും ഹരജിക്കാർക്ക് ഡെപ്പോസിറ്റ് സംഖ്യ പലിശ അടക്കം തിരിച്ചുകിട്ടുന്നതിനു വേണ്ടിയാണ് മേൽ നമ്പർ കേസ് ഫയലാക്കിയിട്ടുള്ളത്. മേൽ ന്രമ്പിൽ ഒന്നാം എതൃകക്ഷിക്കുള്ള നോട്ടീസ് കൈപ്പറ്റിയിട്ടില്ലാത്തതാണ്. മേൽ നമ്പ്ര് കേസ് **17-11-2026** തിയ്യതിക്ക് വച്ചിട്ടുള്ളതാണ്. അന്യായക്കാര്യത്തിൽ എന്തെങ്കിലും തർക്കമുള്ളപക്ഷം അന്നേദിവസം കോടതിയിൽ ഹാജരായി ആയത് ബോധി പ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങൾക്ക് തർക്കമില്ലെന്ന് കണ്ട് കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-09-2026
ഹർജിഭാഗം അഡ്വക്കെറ്റ്
ഷാജി ജെ.കോടങ്കണ്ടത്ത് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ

C.C 1082/2025

Smijeesh Andrews, S/o Andrews, Kanjiraparambil House, Kuttur P.O, Thrissur, Kerala-680013,

ഹർജിക്കാരൻ

1. Viswadeepthi Multi State Agri Co-operative Society Ltd. XX1/459/31, 3rd Floor, Ansari Complex, Guruvayoor Road, West Fort, Thrissur-680004. Rep. By. The Chairman, Viswadeepthi Multi State Agri Co-operative Society Ltd.
2. The Chairman, Viswadeepthi Multi State Agri Co-operative Society Ltd. XX1/459/31, 3rd Floor, Ansari Complex, Guruvayoor Road, West Fort, Thrissur-680004.
3. Rajeesh K.M, Acting Chairman, Viswadeepthi Multi State Agri Co-operative Society Ltd. XX1/459/31, 3rd Floor, Ansari Complex, Guruvayoor Road, West Fort, Thrissur - 680004.
4. Noushad, Director, Viswadeepthi Multi State Agri Co-operative Society Ltd. XX1/459/31, 3rd Floor, Ansari Complex, Guruvayoor Road, West Fort, Thrissur 680004.
5. Prabeesh, Director, Viswadeepthi Multi State Agri Co-operative Society Ltd. XX1/459/31, 3rd Floor, Ansari Complex, Guruvayoor Road, West Fort, Thrissur-680004.
6. Shajan K.P, Director, Viswadeepthi Multi State Agri Co-operative Society Ltd. XX1/459/31,3rd Floor, Ansari Complex, Guruvayoor Road, West Fort, Thrissur-680004.

–എതൃകക്ഷികൾ

മേൽ നമ്പിലെ എതൃകക്ഷികളിൽ നിന്നും ഹരജിക്കാരന് ഡെപ്പോസിറ്റ് സംഖ്യ പലിശ അടക്കം തിരിച്ചുകിട്ടുന്നതിനു വേണ്ടിയാണ് മേൽ നമ്പർ കേസ് ഫയലാക്കിയിട്ടുള്ളത്. മേൽ നമ്പ്ര് കേസ് ഹർജി പ്രകാരം 1 മുതൽ 6 കൂടിയ എതൃകക്ഷികൾക്കുള്ള നോട്ടീസ് കൈപ്പറ്റിയിട്ടില്ലാത്തതാണ്. മേൽ നമ്പ്ര് കേസ് **22-12-2026** തിയ്യതിക്ക് വച്ചിട്ടുള്ളതാണ്. അന്യായക്കാര്യത്തിൽ എന്തെങ്കിലും തർക്കമുള്ളപക്ഷം അന്നേദിവസം കോടതിയിൽ ഹാജരായി ആയത് ബോധി പ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങൾക്ക് തർക്കമില്ലെന്ന് കണ്ട് കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-09-2026
ഹർജിഭാഗം അഡ്വക്കെറ്റ്
ഷാജി ജെ.കോടങ്കണ്ടത്ത് (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

മാപ്രാണം കുരിശു മുത്തപ്പന്റെ തിരുനാളിന് വഴിപാട് തിരി തെളിയിക്കൽ ഭക്തിനിർഭരമായി നടന്നു



ഇരിങ്ങാലക്കുട: മാപ്രാണം കുരിശു മുത്തപ്പന്റെ തിരുനാളിനോടനുബന്ധിച്ചുള്ള വഴിപാട് തിരി തെളിയിക്കൽ ഭക്തിനിർഭരമായി നടന്നു. രാവിലെ 6.30-ന് ലദീഞ്ഞ്, പ്രസുദേന്തി വാഴ്ച, കൂടുതുറക്കൽ, സമൂഹം ബലി, സന്ദേശം, നൊവേന, പ്രതിഷ്ഠാ കുരിശ് എഴുന്നള്ളിച്ച് വയ്ക്കൽ, തിരുഹൃദയ പ്രദക്ഷിണം, രൂപം എഴുന്നള്ളിക്കൽ എന്നീ തിരുക്കർമ്മങ്ങൾക്ക് വികാരിയും റെക്ടറുമായ റവ. ഫാ. ആന്റോ പാണാടൻ, ഫാദർ ഡേവിസ് ചക്കാലമറ്റത്ത് സഹവൈദികർ എന്നിവർ മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 5.00-ന് സെന്റ് ജോൺ കപ്പേളയിൽ (കുരിശിന്റെ കപ്പേള) ലദീഞ്ഞ്, പ്രസുദേന്തി വാഴ്ച, നൊവേന, സന്ദേശം, പുഷ്പകുരിശ് ഏറ്റുവാങ്ങൽ, വഴിപാട് തിരി തെളിയിക്കൽ എന്നീ ചടങ്ങുകൾ മോൺ. വിൽസൺ ഈരത്തറയുടെ കാർമ്മികത്വത്തിൽ നടന്നു. തുടർന്ന് ഉണ്ണി മിശിഹാ കപ്പേളയിൽ നിന്നും ആരംഭിച്ച ഭക്തിനിർഭരമായ പുഷ്പകുരിശ് എഴുന്നള്ളിപ്പ് മാപ്രാണം പള്ളിയിൽ സമാപിച്ചു. തിരുകർമ്മത്തിൽ വികാരിയും റെക്ടറുമായ റവ. ഫാ. ആന്റോ പാണാടൻ, റവ. ഫാ. സിബു കള്ളാപറമ്പിൽ, അസിസ്റ്റന്റ് വികാരി ഫാ. ക്ലിന്റൺ പെരിഞ്ചേരി, സാൻഡോ ചക്രംപുള്ളി എന്നിവർ സന്നിഹിതരായിരുന്നു .

നവഗ്രഹക്ഷേത്രത്തിന്റെ തറകല്ലിടൽ കർമ്മം

തൃശൂർ: എസ് എൻ ബി എസ് സമാജം ശ്രീ വിശ്വനാഥപുരം ക്ഷേത്രത്തിലെ പുതിയതായി പണി കഴിക്കുന്ന നവഗ്രഹക്ഷേത്രത്തിന്റെ തറകല്ലിടൽ കർമ്മം ക്ഷേത്രം തന്ത്രി രാഗേഷ് തന്ത്രി നിർവഹിച്ചു.

സമാജം പ്രസിഡണ്ട് കിഷോർ കുമാർ നടുവളപ്പിൽ, സെക്രട്ടറി എം കെ വിശ്വഭരൻ, ട്രഷറർ വേണുതോട്ടുങ്ങൽ, വൈസ് പ്രസിഡണ്ട് ഷിജിൻ തവരങ്ങാട്ടിൽ, ജോ: സെക്രട്ടറി സജീവ് എലിഞ്ഞികോടൻ, മുകുന്ദപുരം യുണിയൻ പ്രസിഡണ്ട് സന്തോഷ് ചെറാക്കുളം, ക്ഷേത്രംമേൽശാന്തി മണി ശാന്തി, എസ് എൻ വൈ എസ് സെക്രട്ടറി അർജ്ജുൻ പള്ളിച്ചാടത്ത്, എസ് എൻ ബി എസ് സമാജം ഭരണ സമിതിയംഗങ്ങൾ, പൗരപ്രമുഖർ, മാതൃസംഘം സെക്രട്ടറി ഹേമ ആനന്ദ്, മാതൃസംഘം ഭാരാവാഹികൾ, സമാജം മെമ്പർമാർ,ഭക്ത ജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

നിര്യാതനായി
സത്യശീലൻ

തൃത്തല്ലൂർ വെസ്റ്റ്: ചാളിപ്പാട്ട് പരേതനായ ഭാസ്കരൻ മകൻ സത്യശീലൻ (53) അന്തരിച്ചു. തൃത്തല്ലൂരിലെ പ്രമുഖ പാചക വിദഗ്ധൻ ആയിരുന്നു. ഭാര്യ: ഷാലി.സംസ്കാരം ഇന്ന്(15-9-26 ചൊവ്വ) ഉച്ചയ്ക്ക് 11മണിക്ക് വീട്ടുവളപ്പിൽ.

തൃശ്ശൂർ ജനറൽ ആശുപത്രിയിൽ വനിതാ സെക്യൂരിറ്റി ഒഴിവ്: വാക്ക്-ഇൻ ഇന്റർവ്യൂ സെപ്റ്റംബർ 17ന്

തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലികമായി മൾട്ടിപർപ്പസ് (വനിതാ സെക്യൂരിറ്റി) ജീവനക്കാരെ നിയമിക്കുന്നു. എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ള, 50 വയസ്സിൽ താഴെ പ്രായമുള്ള വനിതകൾക്ക് അപേക്ഷിക്കാം. സുരക്ഷാ ഡ്യൂട്ടിയിൽ മുൻപരിചയമുള്ളവർക്ക് മുൻഗണന.

പ്രതിദിനം 625 രൂപ നിരക്കിലാണ് വേതനം നിശ്ചയിച്ചിട്ടുള്ളത്. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾക്കായി സെപ്റ്റംബർ 17-ന് രാവിലെ 11-ന് ആശുപത്രി സൂപ്രണ്ടിന്റെ ചേമ്പറിൽ വാക്ക്-ഇൻ ഇന്റർവ്യൂ നടത്തും. ഫോൺ: 0487-2427778.

വാഹനാപകടം: ഡ്രൈവർക്ക് പരിക്ക്

തൃശ്ശൂർ: ദേശീയപാത 66-ൽ നാട്ടിക സെന്ററിൽ നിർത്തിയിട്ടിരുന്ന തടിലോറിക്ക് പുറകിൽ ടാങ്കർ ലോറി ഇടിച്ചു കയറി ഡ്രൈവർക്ക് പരിക്ക്. കണ്ണൂർ സ്വദേശി സിദ്ദിഖിനാണ് പരിക്കേറ്റത്.

മരുതയൂരിലെ മാക്സ് ഡ്രീം സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് വൻവിജയം

കുന്നംകുളം: മരുതയൂരിലെ മാക്സ് ഡ്രീം സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ് വൻവിജയം വൻജനപങ്കാളിത്തം; നൂറുകണക്കിന് പേർക്ക് വിദഗ്ധ മെഡിക്കൽ സേവനം ലഭിച്ചു.

മാക്സ് ഡ്രീം ഫൗണ്ടേഷന്റെ നേതൃത്വത്തിൽ വിവിധ ജീവകാരുണ്യ സംഘടനകൾ, പ്രമുഖ ആശുപത്രികൾ, ആരോഗ്യരംഗത്തെ വിവിധ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ മരുതയൂർ ജി.യു.പി. സ്കൂളിൽ സംഘടിപ്പിച്ച 'സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ്' വൻ ജനപങ്കാളിത്തത്തോടെ വിജയകരമായി സമാപിച്ചു.

ക്യാമ്പിൽ നിരവധി ആളുകൾ പങ്കെടുത്തു. വിവിധ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം, മെഡിക്കൽ പരിശോധനകൾ, ആരോഗ്യപരിശോധനകൾ, ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട വിദഗ്ധ നിർദേശങ്ങൾ എന്നിവ ക്യാമ്പിൽ ലഭ്യമാക്കി.

ക്യാമ്പിനോടനുബന്ധിച്ച് സംഘടിപ്പിച്ച ആരോഗ്യസംരക്ഷണ ബോധവത്കരണ പരിപാടികളും വിദഗ്ധരുടെ നേതൃത്വത്തിലുള്ള വിവിധ സെഷനുകളും പൊതുജനങ്ങൾക്ക് ഏറെ പ്രയോജനകരമായി.

മാക്സ് ഡ്രീം ഫൗണ്ടേഷൻ ചെയർമാൻ അഡ്വ. സുജിത് അയിനിപ്പുള്ളി അധ്യക്ഷത വഹിച്ച ചടങ്ങ് മണലൂർ നിയമസഭാ മണ്ഡലം എം.എൽ.എ പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അനിൽ ആതിര, പാവറട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആന്റോ ലിജോ, പാവറട്ടി ഗ്രാമപഞ്ചായത്ത് മെമ്പർ സരിത രാജീവ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിനും ആരോഗ്യപരിപാലനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി ഇത്തരം ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ തുടർന്നും സംഘടിപ്പിക്കുമെന്ന് മാക്സ് ഡ്രീം ഫൗണ്ടേഷൻ ചെയർമാൻ അഡ്വ. സുജിത് അയിനിപ്പുള്ളി അറിയിച്ചു. ചടങ്ങിൽ ഷെഫീക്ക് മരുതയൂർ, പുഷ്പ ഷാജി, സുരേഷ് അമ്പാടി, ഗീത സഹദേവൻ, റീന ഹാഷിം, മനോഹരൻ പാവറട്ടി, അജിത് കുമാർ ടി. ആർ, എം. എം.റജീന എന്നിവർ പ്രസംഗിച്ചു.

വിശ്വാസ പരിശീലന ദിനാഘോഷം മെരിറ്റ് ഡേ 2026

ഒല്ലൂർ: ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളി വിശ്വാസ പരിശീലന യൂണിറ്റിന്റെ അധ്യാപക രക്ഷാകർതൃ ദിനവും മെരിറ്റ് ഡേയും സെപ്തംബർ പതിമൂന്നാം തീയതി ഞായറാഴ്ച വൈകിട്ട് അഞ്ചിന് മാലാഖയുടെ പന്തൽ ഹാളിൽ വെച്ച് മുളയം മേരിമാതാ മേജർ സെമിനാരി റെക്ടർ ഡോ. സെബാസ്റ്റ്യൻ ചാലക്കൽ ഉദ്ഘാടനം ചെയ്തു. ഒല്ലൂർ ഫൊറോന വികാരി പെരിയവർഗീസ് കുത്തൂർ അച്ചൻ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ എൻ ടി പോൾ മാസ്റ്റർ സ്വാഗതം ആശംസിച്ചു. സെക്രട്ടറി സിംജോ സൈമൺ റിപ്പോർട്ട് അവതരിപ്പിച്ചു. പിടിഎ പ്രസിഡന്റ് അഡ്വക്കേറ്റ് വി ജെ പ്രശോബ്, സഹവികാരിമാർ റവ. ഫാ. ഡേവിസ് പുലിക്കോട്ടിൽ, റവ. ഫാ. ജിജോ തറയിൽ, നടത്തുകൈയ്ക്കാരൻ ബെന്നി അപ്പാടൻ, ഡീക്കൻ സേവ്യർ മുല്ലശ്ശേരിൽ എന്നിവർ ആശംസകൾ നേർന്നു. അതിരൂപതാ വിശ്വാസ പരിശിലന റാങ്ക് ജേതാക്കളായ അയറിൻ സലീഷ്, ജൊവാന മരിയ അരുൺ, വിശ്വാസപരിശീലന സർവീസ് അവാർഡ് ജേതാവായ അജി ജയ്സൺ ടീച്ചർ, കാലിക്കറ്റ് സർവ്വകലാശാലാ തിയോളജി സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയ വിശ്വാസ പരിശീലകർ എന്നിവരെ ആദരിച്ചു. ACC പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ നടത്തി. തുടർന്ന് വിദ്യാർത്ഥികൾ, അധ്യാപകർ, പിടിഎ അംഗങ്ങൾ എന്നിവർ കലാപരിപാടികൾ അവതരിപ്പിച്ചു. ജനറൽ കൺവീനർ സി ഡി ഡേവിസ് നന്ദി പറഞ്ഞു

LIONS CLUB OF TRIPRAYAR TEMPLE CITY
ഓണാഘോഷം 2026
LIONS CLUB

തൃപ്രയാർ: ടെമ്പിൾ സിറ്റി ലയൺസ്ക്ലബ്ബിന്റെ നേതൃത്വത്തിൽ ഓണാഘോഷം ലയൺസ് സോൺ ചെയർമാൻ ഹരിദാസ് ആലേക്കാരൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് കാർത്തികേയൻ കുന്നുങ്ങൽ അധ്യക്ഷത വഹിച്ചു. ആർ.ഐ.എം. സ്ക്കറിയ, വ്യാസ ബാബു, ജോസ് താടിക്കാരൻ, ഷൈനി സജിത്ത് വേളയിൽ, ഷാജി ചാലിശ്ശേരി, ഇ.പി. തോമസ്, ജോഷി സുധാകരൻ, എ.എൻ.ജി.ജെയ്ക്കോ എന്നിവർപ്രസംഗിച്ചു.

ഗുരുവായൂർ ക്ഷേത്രത്തിൽ സെക്യൂരിറ്റി ജീവനക്കാരന് കുത്തേറ്റു

ഗുരുവായൂർ: ക്ഷേത്രത്തിലെ സെക്യൂരിറ്റി ജീവനക്കാരനായ പൈങ്കുളം സ്വദേശി ഉദയകുമാറിനാണ് കുത്തേറ്റത്. പടിഞ്ഞാറെ നടയിൽ വച്ചായിരുന്നു സംഭവം.

പ്രസാദ ഊട്ടിനെ ചൊല്ലിയുണ്ടായ തർക്കമാണ് കയ്യാങ്കളിയിലേക്കും കുത്തിലേക്കും കലാശിച്ചതെന്നാണ് വിവരം. നെയിൽ കട്ടറിലെ കത്തികൊണ്ടാണ് ഉദയകുമാറിനെ കുത്തിയത്. പരിക്ക് ഗുരുതരമല്ല. ഉദയകുമാർ ദേവസ്വം ആശുപത്രിയിൽ ചികിത്സ തേടി.

സംഭവത്തിൽ പാലക്കാട് അകത്തേത്തറ സ്വദേശി വിശ്വനാഥൻ (58) നെ ടെമ്പിൾ പോലീസ് കസ്റ്റഡിയിലെടുത്തു.

ഗാന്ധിജയന്തി: ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ് വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു

തൃശൂർ: മഹാത്മാഗാന്ധിയുടെ 157-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി തൃശൂർ ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയം ജില്ലാതല ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 23-ന് രാവിലെ പത്തിന് സാഹിത്യ അക്കാദമിയിലെ ചങ്ങമ്പുഴ ഹാളിലാണ് മത്സരം നടത്തുക. ജില്ലയിലെ സ്കൂളുകളിലെ എട്ട് മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ഒരു സ്കൂളിൽ നിന്ന് രണ്ട് വിദ്യാർത്ഥികൾ അടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാവുന്നതാണ്. 'ഗാന്ധിജിയും ഖാദിയും, സ്വാതന്ത്ര്യസമരവും, പൊതുവിജ്ഞാനവും' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ക്വിസ് സംഘടിപ്പിക്കുന്നത്. വിജയികളാകുന്ന ആദ്യ രണ്ട് സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും മെമന്റോയും കൂടാതെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാനുള്ള അവസരവും ലഭിക്കും. പങ്കെടുക്കാൻ താത്പര്യമുള്ള സ്കൂളുകൾ 19-ന് വൈകീട്ട് അഞ്ചിനകം potcr@kkvib.org എന്ന ഇ-മെയിൽ വഴിയോ ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിൽ നേരിട്ടോ രജിസ്റ്റർ ചെയ്യണം. ഫോൺ- 0487-2338699, 9744963840.

യുവതിയെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി

കുന്നംകുളം: കേച്ചേരി തലക്കോട്ടുകരയിൽ യുവതിയെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. ചൂണ്ടൽ സ്വദേശി കൊണ്ടുകുളം വീട്ടിൽ ഫ്രാൻസിസിന്റെ മകൾ ജോളി (48) ആണ് മരിച്ചത്. വീടിന് സമീപത്തെ കിണറ്റിലാണ് മൃതദേഹം കണ്ടെത്തിയത്. കുന്നംകുളം പോലീസ് മേൽനടപടികൾ സ്വീകരിച്ചു.

ആമ്പല്ലൂർ അളഗപ്പനഗറിൽ കൂടലി ആർക്കേഡിൽ ഇന്നലെ ഉദ്ഘാടനം ചെയ്ത റോയൽ ഫ്ളവേഴ്സ് എന്ന സ്ഥാപനം

കാറും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് ഓട്ടോ ഡ്രൈവർക്ക് ദാരുണാന്ത്യം

കുന്നംകുളം: കൂറ്റനാട് കാറും ഓട്ടോറിക്ഷയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഓട്ടോറിക്ഷാ ഡ്രൈവർക്ക് ദാരുണാന്ത്യം.

കൂറ്റനാട് മലറോട് കോപ്പ വളപ്പിൽ 57 വയസ്സുള്ള വിജയനാണ് മരണപ്പെട്ടത്. തിങ്കളാഴ്ച രാത്രി 9.30 ന് ഗുരുവായൂർ റോഡിൽ ഫെഡറൽ ബാങ്കിന് സമീപമാണ് അപകടം നടന്നത്. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ വിജയനെ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

50 പേർക്ക് ചികിത്സാ ധനസഹായം വിതരണം

തൃപ്രയാർ : മണപ്പുറം ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 150 പേർക്ക് ചികിത്സാ ധനസഹായം വിതരണം ചെയ്യുന്ന പദ്ധതിയുടെ ഉദ്ഘാടനം തൃപ്രയാർ ലയൺസ് ക്ലബ് ഹാളിൽ വെച്ച് തൃശൂർ ജില്ലാ പഞ്ചായത്ത് തൃപ്രയാർ ഡിവിഷൻ മെമ്പർ അമൽ ടി പ്രേമൻ ഉദ്ഘാടനം ചെയ്തു.

നാട്ടിക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി വിനു അധ്യക്ഷത വഹിച്ച ചടങ്ങിൽ മണപ്പുറം ഫൗണ്ടേഷൻ സി.ഇ.ഒ ജോർജ് ഡി ദാസ്, മൈബ്രോ ചീഫ് കംപ്ലൈൻസ് ഓഫീസർ നിതീഷ് ഇ എസ്, മണപ്പുറം ഫൗണ്ടേഷൻ സി എസ് ആർ ഹെഡ് ഷിനിത വി ഡി എന്നിവർ സംസാരിച്ചു.

സമൂഹത്തിലെ അർഹരായ രോഗികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിലൂടെ അവരുടെ ജീവിതത്തിൽ പ്രതീക്ഷയും ആശ്വാസവും പകരാൻ ഈ പദ്ധതി സഹായകരമാകുമെന്ന് ചടങ്ങിൽ അഭിപ്രായപ്പെട്ടു.

മണപ്പുറം ഫൗണ്ടേഷന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി മണപ്പുറം ഇൻഷുറൻസ് ആൻഡ് ബ്രോക്കേഴ്സുമായി സഹകരിച്ചു കൊണ്ടാണ് ചികിത്സാ ധനസഹായ പദ്ധതി നടപ്പിലാക്കിയത്.

തൃശ്ശൂരിൽ ഫോറസ്റ്റ് വാച്ചർ (സ്പെഷ്വൽ റിക്രൂട്ട്മെന്റ്) അഭിമുഖം സെ. 23 മുതൽ

തൃശ്ശൂർ: ജില്ലയിൽ വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് - കാറ്റഗറി നമ്പർ. 120/25) തസ്തികയിലേക്കുള്ള അഭിമുഖം നടത്തുന്നു. സെപ്റ്റംബർ 23, 24, 25 തീയതികളിൽ കെ.പി.എസ്.സി തൃശ്ശൂർ ജില്ലാ ഓഫീസിലാണ് അഭിമുഖം നടക്കുക. ഉദ്യോഗാർത്ഥികൾക്ക് അഭിമുഖം സംബന്ധിച്ച അറിയിപ്പ് കത്ത് മുഖേന നൽകിയിട്ടുണ്ട്. അറിയിപ്പ് ലഭിക്കാത്തവർ തൃശ്ശൂർ ജില്ലാ പി.എസ്.സി ഓഫീസുമായി എത്രയും വേഗം ബന്ധപ്പെടണം. ഉദ്യോഗാർത്ഥികൾ നിർദ്ദിഷ്ട തീയതിയിലും സമയത്തും ആവശ്യമായ അസ്സൽ രേഖകൾ സഹിതം അഭിമുഖത്തിന് ഹാജരാകണമെന്ന് ജില്ലാ ഓഫീസർ അറിയിച്ചു

ബൈക്കിന് കുറവ് മൈലേജ്, പരസ്യത്തിൽ തെറ്റായ വാഗ്ദാനം, മഹീന്ദ്ര കമ്പനിക്കെതിരെ വിധി, നഷ്ടവും ചിലവും നൽകണം

തൃശൂർ: ബൈക്കിന് കുറവ് മൈലേജ് ആരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ മണലിത്തറ സ്വദേശി പുത്തൻകളപ്പുരയിൽ വീട്ടിൽ ജോയ് മാത്യു ഫയൽ ചെയ്ത ഹർജിയിലാണ് കൊച്ചിയിലുള്ള മഹീന്ദ്ര ടു വീലേർസ് ലിമിറ്റഡിനെതിരെ ഇപ്രകാരം വിധിയായത്. ജോയ് മാത്യു 2014 ജൂൺ 18 നാണ് 46559 രൂപ നൽകി എതിർകക്ഷിയുടെ സെഞ്ചുറോ ബൈക്ക് വാങ്ങുകയുണ്ടായത്.

ഒരു ലിറ്റർ പെട്രോളിന് 85 കിലോമീറ്റർ മൈലേജ് വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും അപ്രകാരം ലഭിച്ചിരുന്നില്ല. തെറ്റായ വാഗ്ദാനം നൽകിയാണ് വാഹനം വില്പന നടത്തിയതെന്നാരോപിച്ച്, തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. കോടതി നിയോഗിച്ച രണ്ട് വിദഗ്ദ കമ്മീഷണർമാർ വാഹനം പരിശോധന നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതാകുന്നു.

ശരാശരി 53 കിലോമീറ്റർ മൈലേജാണ് പരിശോധനയെത്തുടർന്ന് കമ്മീഷണർമാർ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നത്.തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് സംഭവിച്ച മാനസിക വിഷമങ്ങൾക്കും സാമ്പത്തിക നഷ്ടത്തിനും പരിഹാരമായി 25000 രൂപയും 2015 ഒക്ടോബർ 5 മുതൽ 8% പലിശയും നഷ്ടപരിഹാരമായി 10000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

ലൈസൻസ് സസ്പെൻഡ് ചെയ്തു

തൃശ്ശൂർ: ഫിനാഫ്തലീൻ രാസവസ്തു കലർന്ന കള്ള് വില്പന നടത്തിയ സംഭവത്തിൽ നടപടി. അന്തിക്കാട് റേഞ്ചിലെ എല്ലാ കള്ള് ഷാപ്പുകളുടെയും ലൈസൻസ് എക്സൈസ് സസ്പെൻഡ് ചെയ്തു.

പി.ബി അസീന ടീച്ചറെ ആദരിച്ചു

ഇരിങ്ങാലക്കുട: സംസ്ഥാന പിടിഎ മാതൃകാ അദ്ധ്യാപക അവാർഡിന് അർഹയായ ഇരിങ്ങാലക്കുട ഗവ: ഗേൾസ് എൽ.പി സ്കൂൾ പ്രധാന അദ്ധ്യാപിക പി.ബി അസീന ടീച്ചർക്ക് ആദരം നൽകി.

സിപിഐ ഇരിങ്ങാലക്കുട മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാശിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തൃശൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ സുധീഷാണ് ആദരവ് നൽകിയത്. റഷീദ് കാറളം സ്വാഗതവും ഷിഹാബുദ്ദീൻ മാഷ് നന്ദിയും പറഞ്ഞു. എകെഎസ്ടിയു സംസ്ഥാന കമ്മിറ്റി അംഗം സി.വി സ്വപ്ന ടീച്ചർ, എഐഎസ്എഫ് ജില്ലാ സെക്രട്ടറി മിഥുൻ പോട്ടക്കാരൻ, എകെഎസ്ടിയു ജില്ലാ കമ്മിറ്റി അംഗങ്ങളായ ഇന്ദുകല ടീച്ചർ എന്നിവർ ആശംസകൾ നേർന്നു. പി.ബി അസീന ടീച്ചർ ആദരവിന് നന്ദി പറഞ്ഞു

കോടതി പരസ്യം

ബഹു. തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ

CC 610/2025

ജീസ് ജോൺസൺ, കുറുത്തുകുളങ്ങര ഹൗസ് ബിഗ് ബസാർ, അരണാട്ടുക്കര, തൃശ്ശൂർ എന്നവർ വേണ്ടി മുക്ത്യാർനാമക്കാരി കുന്നംകുളം താലൂക്ക് വേലൂർ വില്ലേജ് വേലൂർ ചുങ്കം ദേശത്ത് കുറ്റിക്കാട്ട് ഹൗസ് മെക്സി ഭാര്യ 42 വയസ്സ് ജിസ്മി

-ഹർജിക്കാരൻ

KSFA നിധി ലിമിറ്റഡ്, etc

-എതൃകക്ഷികൾ

മേൽനമ്പർ കേസ്സിൽ ഹർജിക്കാരൻ ഒന്നാം എതൃകക്ഷി സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്ത സംഖ്യ വസൂലാക്കി കിട്ടുന്നതിനു വേണ്ടിയാണ് ഹർജി ഫയലാക്കിയിട്ടുള്ളത്. ടി കേസ്സ് **05-01-2027** തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ളതാണ്. ഒന്നാം എതൃകക്ഷിയായ KSFA നിധി ലിമിറ്റഡ്, Door No. 6/393-8AL- Salam, Complex, സബ് ട്രഷറി റോഡ്, കുന്നംകുളം എന്ന സ്ഥാപനത്തിനു വേണ്ടി സ്ഥാപനത്തിന്റെ മാനേജിംങ്ങ് ഡയറക്ടറായ സജി.കെ, 50, വയസ്സ്, S/o രാഘവൻ, കോടൂർ ഹൗസ്, നൈതല്ലൂർ, ഈശ്വരമംഗലം പി.ഒ, തവനൂർ, മലപ്പുറം പിൻ- 679573 അന്നേ ദിവസം 11 മണിക്ക് നിങ്ങളോ, നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന് 9-9-2026
ഹർജി ഭാഗം അഡ്വക്കെറ്റ്
മനോജ്. പി.എസ് (ഒപ്പ്) കുന്നംകുളം

കോടതി പരസ്യം

ബഹു. തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ

OP 435/2025

രാജേഷ് പി.വി.

-ഹരജിക്കാരൻ

തൃശ്ശൂർ താലൂക്ക്, നാട്ടിക വില്ലേജ് ദേശത്ത് അന്തിക്കാട് വീട്ടിൽ തനിമ മധു മകൻ 27 വയസ്സ് അമരീഷ് ഹരിലാൽ എന്ന ചാച്ചു

2-ാം എതൃകക്ഷി

മേൽനമ്പിലെ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചു നടത്തുവാൻ കൽപ്പിച്ച് മേൽനമ്പ്ര് കേസ് **26-10-2026** തിയ്യതിക്ക് വിചാരണക്കായി വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 14-9-2026
ഹർജിഭാഗം അഡ്വക്കെറ്റ്:
V. K. SATHYAJITH
(ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം ഫാമിലി മുമ്പാകെ

OP. 352/2026

ശബ്നാസ്

-ഹരജിക്കാരി

പൊന്നാനി താലൂക്ക് വെളിയങ്കോട് വില്ലേജ് ഗ്രാമം ദേശത്ത് കുഞ്ഞാലു മകൻ ഹാജിയാരത്ത് അബ്ദുൾ അക്ബർ

-എതൃകക്ഷി

മേൽ നമ്പറിലെ എതൃകക്ഷിക്കുള്ള സമൻസ് പതിച്ചു നടത്തുവാൻ അനുവദിച്ച് കേസ് **30-09-2026** തിയതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 01-9-2026
ഹരജിഭാഗം അഡ്വക്കെറ്റ്
ASEENA K. (ഒപ്പ്)
ചാവക്കാട്

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP 371/2026

ആബിദ. എ. 46 വയസ്സ്, D/o ഇസ്മായിൽ, ചിറ്റയിൽ ഹൗസ്സ്, കണ്ടാണശ്ശേരി പി.ഒ. ചൊവ്വല്ലൂർ, കണ്ടാണശ്ശേരി വില്ലേജ്, കുന്നംകുളം താലൂക്ക്, തൃശ്ശൂർ ജില്ല, പിൻ - 680 102

-ഹർജിക്കാരി

മുസ്തഫ, 46 വയസ്സ്, S/o ഹംസ, വലിയകത്ത് ചുണ്ണാട്ട് ഹൗസ്, ഒരുമനയൂർ പി.ഒ, ഒരുമനയൂർ വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശ്ശൂർ ജില്ല, പിൻ - 680 512 (ചാവക്കാട് പോലീസ് സ്റ്റേഷൻ)

-എതിർകക്ഷി

ഹർജിക്കാരി എതിർകക്ഷിയിൽ നിന്നും വിവാഹബന്ധം വേർപ്പെടുത്തുന്നതിനായി ബോധിപ്പിച്ചു മേൽ നമ്പർ കേസിൽ എതിർകക്ഷിയുടെ നോട്ടീസ് നടത്താൻ കൽപ്പിച്ച് കേസ് **24-09-2026** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് എതിർകക്ഷിയോ അധികാരപ്പെടുത്തിയ അഡ്വക്കറ്റോ ബഹു: കോടതി മുമ്പാകെ ഹാജരാകാത്ത പക്ഷം എതിർകക്ഷിയെ എക്സ്പാർട്ടിയാക്കി കേസ് തീർപ്പ് കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന് 15-9-2026
ഹർജിഭാഗം അഡ്വക്കേറ്റ് :
ഷീബ ഫൈസൽ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Dispute No: 1348/2025

ആത്മഹർഷം കുറീസ് പ്രൈവറ്റ് ലിമിറ്റഡ് തൃശ്ശൂർ

-പരാതിക്കാരൻ

1) തൃശ്ശൂർ താലൂക്ക് അടാട്ട് വില്ലേജ്, ഉടലക്കാവ് ദേശത്ത്, താമസമായിരുന്നതും ഇപ്പോൾ ചാവക്കാട് താലൂക്ക് എളവള്ളി വില്ലേജ് ദേശത്ത് താമസവുമായ ചെറുവരമ്പത്ത് ബാലൻ മകൻ 49 വയസ് ഷാജു മോഹൻ പിൻ-680602
2) ചെറുവരമ്പത്ത് കുഞ്ഞുണ്ണി മകൻ ബാലൻ (മരിച്ചു) അടാട്ട് പി ഒ, പിൻ-680551, തൃശൂർ ജില്ല
3) രാരംപറമ്പിൽ പ്രഭാകരൻ ഭാര്യ 71വയസ് ശാരദ, പി ഒ എളവള്ളി, എളവള്ളി വില്ലേജ്,, ചാവക്കാട് താലൂക്ക്-680602
4) ചെറുവരമ്പത്ത് മരിച്ച ബാലൻ ഭാര്യ ലളിത, 66 വയസ്, അടാട്ട് വില്ലേജ്, ഉടലക്കാവ് ദേശം, അടാട്ട് പി ഒ., പിൻ-680551, തൃശൂർ

തൃശ്ശൂർ താലൂക്ക് അടാട്ട് വില്ലേജ്, ഉടലക്കാവ് ദേശത്ത്, പി ഒ അടാട്ട്, പിൻ-680551, ചെറുവരമ്പത്ത് മരിച്ച ബാലൻ മക്കൾ

5) 44 വയസ് ഷൈലേഷ്കുമാർ
6) 40 വയസ് ടീച്ചർ ഷൈലജ
7) 26 വയസ് ഷിജിത്ത്

-എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **7-10-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ പകൽ 11 മണിക്ക് അഭിഭാഷകനോ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 11-09-2026
പരാതിക്കാരൻ ഭാഗം അഡ്വക്കെറ്റ് :
സി വി ഫ്രാൻസിസ് (ഒപ്പ്)